# കേരള സർവകലാശാല
# കാമ്പസ് ഭരണവിഭാഗം
# കാര്യവട്ടം, തിരുവനന്തപുരം


**ജോയിന്റ് രജിസ്ട്രാർ**

ടെലി: 0471 – 2308907
ഫാക്സ്: 2308614
ഇ – മെയിൽ jr.ca.uok@gmail.com


No. CA/Admn/02/729/2016

## ദർഘാസ് പരസ്യം

കേരള സർവകലാശാല കാര്യവട്ടം കാമ്പസിലെ SB I , SB IV + VI & SB VII + VIII എന്നീ 3 ബ്ലോക്കുകളിൽ നിൽക്കുന്ന ഫലവൃക്ഷങ്ങളിൽ നിന്നും 2016 ഏപ്രിൽ മുതൽ ഒരു വർഷ കാലയളവിൽ ആദായം എടുക്കുന്നതിനുള്ള അവകാശം നേടുന്നതിനു വേണ്ടി ടെൻഡറുകൾ ക്ഷണിക്കുന്നു. ടെൻഡറുകൾ 2016 മാർച്ച് 19-ാം തീയതി രാവിലെ 11.00 മണിക്കു മുൻപ് ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ ലഭിക്കേതാണ്. നിരതദ്രവ്യമായി ഓരോ ബ്ലോക്കിനും പ്രത്യേകം പ്രത്യേകം 2000/-രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് (ഡെപ്യൂട്ടി രജിസ്ട്രാർ, കാമ്പസ് അഡ്മിനിസ്ട്രേഷൻ) അടയ്ക്കേതാണ്. ദർഘാസുകൾ 'Tender for Lease right for collection of usufructs from block no…………….. in the University Campus, Kariavattom during the year 2016' കാര്യവട്ടം കാമ്പസിലെ ആദായം എടുക്കാനുള്ള അവകാശം നേടുന്നതിനു വേണ്ടി, എന്നു രേഖപ്പെടുത്തി സീൽ ചെയ്ത കവറിൽ ജോയിന്റ് രജിസ്ട്രാറുടെ പേർക്ക് അയയ്ക്കേതാണ്.

ഈ ആവശ്യത്തിലേക്ക് മേൽ പറഞ്ഞ ദിവസം രാവിലെ 11.00 മണിക്കു ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ വച്ച് ലേലവും നടത്തപ്പെടും.

ടി. ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ലേലത്തിന് മുൻപ് മേൽപ്പറഞ്ഞ നിരക്കിൽ നിരതദ്രവ്യം കെട്ടിവയ്ക്കണം. ഒരു ബ്ലോക്ക് ലേലം പിടിച്ചയാൾ മറ്റൊരു ബ്ലോക്കിന്റെ ലേലത്തിൽ കൂടി പങ്കെടുക്കുകയാണെങ്കിൽ ആയതിലേക്ക് പ്രത്യേകം നിരതദ്രവ്യം കെട്ടിവയ്ക്കണം. ടെൻഡർ / ലേലം അന്നേദിവസത്തെ ഏറ്റവും കൂടിയ തുകയ്ക്കു (സർവകലാശാലയ്ക്കു സ്വീകാര്യമെങ്കിൽ മാത്രം) സ്ഥിരപ്പെടുത്തുന്നതാണ്. ഈ തുക മുഴുവനും ലേല തീയതി തുടങ്ങി ഏഴ് ദിവസത്തിനകം യൂണിവേഴ്സിറ്റി ഫണ്ടിൽ അടച്ച് ചെല്ലാൻ ഓഫീസിൽ സമർപ്പിക്കേതാണ്. ഇപ്രകാരം തുക അടയ്ക്കാത്തപക്ഷം, രണ്ടാമത്തെ ഏറ്റവും കൂടിയ തുക രേഖപ്പെടുത്തിയ വ്യക്തിക്ക് (തുക സർവകലാശാലക്ക് സ്വീകാര്യമാണെങ്കിൽ) ടിയാൻ ഉടനെ മൊത്തം തുകയും അടയ്ക്കുകയാണെങ്കിൽ അയാളുടെ പേരിൽ ദർഘാസ് / ലേലം സ്ഥിരപ്പെടുത്തി കൊടുക്കുന്നതായിരിക്കും.

വിവധ ബ്ലോക്കുകളിലെ വൃക്ഷങ്ങൾ കണ്ട് ബോദ്ധ്യപ്പെടുന്നതിനും ഇതു സംബന്ധിച്ചുള്ള നിബന്ധനകൾക്കും മറ്റു വിശദവിവരങ്ങൾക്കും കാര്യവട്ടം കാമ്പസ് ഭരണവിഭാഗം ഓഫീസുമായി ബന്ധപ്പെടേതാണ്. പ്രത്യേക കാരണമൊന്നും കാണിക്കാതെ തന്നെ ഏതെങ്കിലും ദർഘാസ് / ലേലം നിരസിക്കുന്നതിന് രജിസ്ട്രാർക്ക് അധികാരം ഉണ്ടായിരിക്കും. ദർഘാസ് / ലേലം സംബന്ധമായ എല്ലാ കാര്യങ്ങളിലും അന്തിമ തീരുമാനം രജിസ്ട്രാറുടേതായിരിക്കും.

**Sd/-**
**ജോയിന്റ് രജിസ്ട്രാർ**

കാര്യവട്ടം
04.03.2016